സൈലൻറ് വാലി

ജലവൈദ്യുതപദ്ധതി

സൈലൻറ്‌വാലി ജലവൈദ്യുത പദ്ധതി

1. സൈലൻറ്‌വാലി ജലവൈദ്യുത പദ്ധതി എന്നാൽ എന്താണ്‌ ?

കേരളത്തിലെ ഏററവും വലിയ നദികളിലൊന്നാണ്‌ ഭാരതപ്പുഴ. അതിൻെറ ഒരു പോഷകനദിയായ തൂത്താപ്പുഴയുടെ പ്രധാന ശാഖയായ കുന്തിപ്പുഴയിലെ വെള്ളച്ചാട്ടത്തിൽനിന്നും വൈദ്യുതി ഉത്‌പാദിപ്പിക്കുന്നതിനാണ്‌ സൈലൻറ്‌ വാലി പദ്‌ധതി രൂപപ്പെടുത്തിയിട്ടുള്ളത്‌. ഈ പദ്‌ധതി പാലക്കാട്ട ജില്ലയിലാണ്‌. പാലക്കാട്‌ ടൗണിൽനിന്നും 45 കി മീ ദൂരമാണ്‌ പദ്‌ധതി പ്രദേശത്തേയ്ക്കു്‌ ഉള്ളതു്‌. കുന്തിപ്പുഴയ്ക്കു കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന 131 മീററർ ഉയരത്തിലുള്ള ആർച്ച്‌ ഡാം ആണ്‌ ഇതിൻെറ പ്രധാന സവിശേഷത. ഇതുമൂലം ഉണ്ടാവുന്ന ജലസംഭരണിയിൽ 317 ദശലക്ഷം ഘനമീററർ വെള്ളം തടഞ്ഞുനിർത്തുന്നു. സമുദ്രനിരപ്പിൽനിന്നും 979 മീററർ ഉയരത്തിലുള്ളതും ഉപരിതലത്തിൽ 830 ഹെക്ടർ വിസ്തീർണ്ണം ഉള്ളതുമായ ജലസംഭരണി 39000 ഹെക്ടർ വിസ്തീർണ്ണമുള്ള തുടർച്ചയായി കിടക്കുന്ന ഒരു റിസർവ്‌ വനപ്രദേശത്തിൻെറ ഒരു കോണിൽ സ്‌ഥിതി ചെയ്യുന്നു. സൈലൻറ്‌ വാലി എന്നു വിളിക്കപ്പെടുന്ന വനപ്രദേശം ഉദ്ദേശം 8952 ഹെക്‌ടർ വരും. ജലസംഭരണിയിൽനിന്നും 4000 മീററർ നീളമുള്ള ടണൽ, പെൻസ്റ്റോക്കുരുക്കുകൾ (സ്റ്റീൽ പൈപ്പ്‌ ലയിൻ) തുടങ്ങിയവയിൽക്കൂടി വെള്ളം 'തത്തേങ്ങലം' എന്നസ്‌ഥലത്തുള്ള വൈദ്യുത നിലയത്തിലെത്തുന്നു. ഇവിടെ സമുദ്രനിരപ്പിൽ നിന്നുമുള്ള ഉയരം 93 മീററർ ആണ്‌. സൈലൻറ്‌ വാലിയിൽ നിന്നും തത്തേങ്ങലത്തേക്കുള്ള 885 മീററർജലപതനത്തിലുള്ള ശക്തി വൈദ്യുതനിലയത്തിൽ വിദ്യുച്ഛക്തിയായി മാറുന്നു. അങ്ങനെ വർഷം തോറും 522 ദശലക്ഷം യൂണിററ്‌ വിദ്യുഛക്തി ലഭിക്കുന്നു. 60 MW വീതം ഉൽപാദനശക്തിയുള്ള 4 മെഷീനുകളാണ്‌ ഇവിടെ സ്‌ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്‌. വൈദ്യുതോൽപാദനം കഴിഞ്ഞ്‌ കുന്തിപ്പുഴയിൽ തന്നെ പതിക്കുന്ന ജലം പാലക്കാട്‌, മലപ്പുറം ജില്ലകളിൽ ഏതാണ്ട്‌ 10000 ഹെക്‌ടർ

സ്ഥലത്തു് ജലസേചനത്തിനായി ഉപയോഗിക്കുന്നു. ഇതുമൂലം 30,000 ടൺ ഭക്ഷ്യധാന്യം ആണ്ടുതോറും കൂടുതൽ വിളയിക്കാമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു.

58 കോടി രൂപ അടങ്കൽ ചിലവുവരുന്ന ഈ പദ്ധതിക്കു വേണ്ടി കേരള ഇലക്ട്രിസിററി ബോർഡ് ഇതുവരെ 2½ കോടി രൂപ ചിലവഴിച്ചു കഴിഞ്ഞിരിക്കുന്നു.

2. പദ്ധതിയുടെ പാതയിലെ നാഴികക്കല്ലുകൾ

1) 1973 ഫെബ്രുവരി മാസത്തിൽ പ്ലാനിംഗ് കമ്മീഷൻ, സൈലൻറ് വാലി പദ്ധതി നടപ്പാക്കുന്നതിനുള്ള അനുവാദം നൽകി.

2) അതിൻെറ പ്രാരംഭ ജോലികൾ 1973–74 ൽ തന്നെ കേരള സ്റ്റേററ് ഇലക്ട്രിസിററി ബോർഡ് ആരംഭിച്ചു.

3) പദ്ധതി നടത്തിപ്പിനാവശ്യമായ പണം ലഭിക്കായ്കയാൽ താമസംവിനാ ജോലി നിർത്തി വയ്ക്കേണ്ടി വന്നു സ്റ്റേററിൻെറ വൈദ്യുതോല്പാദന പദ്ധതി വിഹിതത്തിൻെറ മുന്തിയ പങ്കം ഇടുക്കി പദ്ധതിയുടെ പൂർത്തീകരണം ലക്ഷ്യമാക്കി ചിലവാക്കേണ്ടി വന്നതു കാരണം സൈലൻറ്വാലി പദ്ധതിക്കാവശ്യമായ ധനവിഹിതം ലഭിച്ചില്ല.

4) ഇലക്ട്രിസിററി ബോർഡ്, സൈലൻറ് വാലി പദ്ധതിയുടെ പണികൾ 1976–ൽ പുനരാരംഭിച്ചു.

5) 1976 ഒക്ടോബറിൽ National Committee on Environmental Planning and Co-ordination (NCEPC), പശ്ചിമ ഘട്ടത്തിൻെറ Ecological Planning നേപ്പററി പഠിക്കാൻ നിയോഗിച്ചിരുന്ന അവരുടെ Task Force ൻെറ റിപ്പോർട്ട് വരുന്നതുവരെ സൈലൻറു വാലി പദ്ധതിയുടെ ജോലികൾ നിർത്തി വയ്ക്കുവാൻ നിർദ്ദേശമുണ്ടായി.

6) സൈലൻറ് വാലി പദ്ധതി നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ, ഇക്കോളിക്കൽ ബാലൻസ് (പരിസ്ഥിതി സംതുലിത) അവിടെ നിലനിർത്തുന്നതിനായി 17 സംരക്ഷണ വ്യവസ്ഥകൾ നടപ്പിലാക്കേണ്ടതുണ്ടെന്നു് മേൽപ്പറഞ്ഞ റിപ്പോർട്ടിൻെറ വെളിച്ചത്തിൽ നിർദ്ദേശിക്കപ്പെട്ടു.

7) സൈലൻറ് വാലി പദ്ധതി നടപ്പിലാക്കണമെന്ന് കേരള ഗവൺമെൻറ് തീരുമാനിച്ചു.

8) കേരള സംസ്ഥാന നിയമസഭ 28-2-1978-ൽ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിൽ പദ്ധതിക്കുള്ള തടസ്സങ്ങൾ ഉടനെ മാററണമെന്ന് കേന്ദ്ര ഗവൺമെൻറിനോടഭ്യർത്ഥിച്ചു.

9) 1978 ഏപ്രിൽ മാസത്തിൽ കേരളത്തിൽ നിന്നുള്ള ഒരു സർവകക്ഷി പ്രതിനിധി സംഘം പ്രധാനമന്ത്രിയെ സന്ദർശിച്ച് സൈലൻറു വാലി പദ്ധതിക്ക് കേരളത്തിൻെറ വ്യാവസായിക. സാമൂഹ്യ, സാംസ്കാരിക മണ്ഡലങ്ങളിൽ ഉള്ള പ്രധാന്യം വിവരിച്ചു കൊടുത്തു.

10) പരിത സ്ഥിതി സന്തുലനാവസ്ഥ നിലനിറുത്തുന്നതിന്, "Task Force" നിർദ്ദേശിച്ച എല്ലാ വ്യവസ്ഥകൾക്കും നിയമപ്രാബല്യം ലഭ്യമായിരിക്കണമെന്നുള്ള കേന്ദ്ര നിർദ്ദേശം അനുസരിച്ച്, പ്രസ്തുത വ്യവസ്ഥകളെല്ലാം തന്നെ ഉൾക്കൊള്ളിച്ചുകൊണ്ട് 13–3–1979ൽ സൈലൻറുവാലി പരിതസ്ഥിതി സംരക്ഷണ നിയമം (Act 14 of 1979) സംസ്ഥാന നിയമസഭ കക്ഷിഭേദമന്യേ ഐകകണ്ഠ്യേന പാസ്സാക്കി.

11) മേൽപ്പറഞ്ഞ നിയമത്തിൻെറ സഹായത്തോടെ പരിസ്ഥിതി സംരക്ഷണത്തിനുള്ള എല്ലാ സംരക്ഷണവ്യവസ്ഥകളും നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെൻറ് തയ്യാറായതിൻെറ അടിസ്ഥാനത്തിൽ പദ്ധതി ജോലികൾ മുന്നോട്ടു കൊണ്ടുപോകാൻ പ്രധാനമന്ത്രി 15–5–79ൽ കേരള മുഖ്യമന്ത്രിയോട് നിർദ്ദേശിച്ചു.

12) 1979–80 ലേക്ക് അനുവദിച്ച പദ്ധതി വിഹിതമായ 200 ലക്ഷം രൂപ പൂർണ്ണമായും ഉപയോഗിക്കുന്നതിനാവശ്യമായ നടപടികളുമായി വിദ്യുച്ഛക്തി ബോർഡ് സൈലൻറു വാലിയിലെ ജോലികൾ ത്വരിതപ്പെടുത്തി.

13) സൈലൻറു വാലി പദ്ധതിയെ എതിർക്കുന്ന ചില വ്യക്തികളും സമിതികളും സമർപ്പിച്ച റിട്ട് പെററിഷൻെറ അടിസ്ഥാനത്തിൽ കേരള ഹൈക്കോടതി 30–8–1979 മുതൽ

പദ്ധതിയുടെ എല്ലാ ജോലികളും നിർത്തി വെയ്ക്കുന്നതിന് ഉത്തരവായി.

14) സൈലൻറു വാലി പദ്ധതിക്ക് അനുകൂലമായും, പ്രതികൂലമായും നടത്തിയ എല്ലാ വാദങ്ങളുടെയും അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ പെററിഷൻ കേരള ഹൈക്കോടതി 2-1-1980ൽ തള്ളിക്കളഞ്ഞു.

15) സൈലൻറു വാലിയിലെ പണികൾ വീണ്ടും തുടങ്ങി.

16) സൈലൻറു വാലി പദ്ധതി നടപ്പിലാക്കരുതെന്ന് വാദിക്കുന്ന എല്ലാവിധ ശക്തികളും ഒന്നിച്ചു ചേർന്നു നടത്തിയ സമ്മർദ്ദത്തിൻെറ ഫലമായി മുൻ കേന്ദ്ര ഗവൺമെൻറ്, തിരഞ്ഞെടുപ്പു കഴിഞ്ഞ് പുതിയ ഗവൺമെൻറുകൾ അധികാരത്തിൽ വന്ന് ഈ പ്രശ്നത്തെപ്പററി പുനർ ചിന്തനം ചെയ്ത് തീരുമാനമെടുക്കുന്നതുവരെ സൈലൻറു വാലി പദ്ധതിയുടെ എല്ലാ ജോലികളും നിർത്തിവയ്ക്കാൻ സംസ്ഥാന ഗവൺമെൻറിനെ ഉപദേശിച്ചു.

17) അങ്ങിനെ വീണ്ടും സൈലൻറു വാലിയിലെ ജോലികൾ ജനുവരി മാസം മുതൽ നിർത്തിവെച്ചു.

3. പദ്ധതിയെ എതിർക്കുന്നവരുടെ വിദമുഖങ്ങളും അവ സംബന്ധിച്ച യാഥാർത്ഥ്യങ്ങളും

1) വാദം:—ഇന്ത്യയിലെന്നല്ല ലോകത്തിൽത്തന്നെ അവശേഷിക്കുന്ന ഒരേ ഒരു നിത്യഹരിതവനമാണ് സൈലൻറ്വാലി വനങ്ങൾ അതുകൊണ്ട് അതു ഭാവി തലമുറകൾക്കു വേണ്ടി സംരക്ഷിക്കപ്പെടണം.

യാഥാർത്ഥ്യം—ലോകത്തിലാകെയുള്ള വനങ്ങളുടെ ഏകദേശം പകുതിയോളവും നിത്യഹരിതവനങ്ങളാണ്. (Tropical evergreen forests) ഇതു ലോകത്തിൽ പല ഭാഗത്തിലും വളരെയേറെ വിസ്തീർണ്ണത്തയിൽ ഇപ്പോഴും അവശേഷിക്കുന്നു. ഒരു വലിയ നിത്യഹരിത മഴക്കാടാണ് ആമസോൺ വനപ്രദേശം തന്നെ. ഇന്ത്യയിൽ പശ്ചിമ ഘട്ടങ്ങളിലും ആസ്സാമിലും ആൻഡമാൻസിലും മററും ഇവ കാണപ്പെടുന്നു. സൈലൻറ്വാലി അതിലുൾപ്പെടുന്ന വളരെ വളരെ ചെറിയ ഒരു ഭാഗം മാത്രമാണ്.

2) വാദം:—സൈലൻറ്വാലി വനങ്ങരം മനുഷ്യസ്പർശ മേൽക്കാത്തവയാണ്. അവയെ അതേ പോലെതന്നെ നിലനിർത്തണമെങ്കിൽ പദ്ധതി ഉപേക്ഷിക്കണം.

യാഥാർത്ഥ്യം:—കേരള വനംവകുപ്പിലെ രേഖകരം പരിശോധിച്ചാൽ 1840 മുതൽ തന്നെ സൈലൻറ്വാലി വനങ്ങളിൽ നിന്നും റെയിൽവേ സ്ലീപ്പറുകരംക്ക വേണ്ടിയും മററും തടി വെട്ടിയിരുന്നതായിക്കാണാം. സ്വകാര്യ എസ്റ്റേററുകളും അവിടെ ഉണ്ടായിരുന്നു. ഇപ്പോഴുമുണ്ട്. അതുകൊണ്ട് കഴിഞ്ഞ നൂറിൽപ്പരം കൊല്ലങ്ങളായി മനുഷ്യസ്പർശമേററു തന്നെ കഴിയുന്ന വനപ്രദേശമാണ് ഇതെന്നു തെളിയുന്നു. ഈ കാരണം പദ്ധതി നിർത്തിവക്കണമെന്ന വാദത്തിനു ഉതകുന്നില്ല.

3) വാദം:—സൈലൻറുവാലിയിൽ അണകെട്ടി ഉണ്ടാവുന്ന ജലസംഭരണി മൂലം മുഴുവൻ വനങ്ങളും നശിക്കാൻ ഇടയാകുന്നതാണ്.

യാഥാർത്ഥ്യം:—39,000 ഹെക്ടറിൽ അധികം സ്ഥലത്ത് ഒന്നായി വ്യാപിച്ചു കിടക്കുന്ന റിസർവ് വനങ്ങളിൽ 830 ഹെക്ടർ വനം മാത്രമേ പദ്ധതിയുടെ ആവശ്യങ്ങരംക്ക് ഉപയോഗിക്കുന്നുള്ളു. അതുകൊണ്ട് സൈലൻറുവാലി വനം മുഴുവനും നശിക്കുമെന്ന് പറയുന്നത്ു് അർത്ഥശൂന്യമാണെന്നു സ്പഷ്ടം. വനത്തിനു് നാശം സംഭവിക്കുന്ന കാരണങ്ങരം മററു പലതാണ്.

4) വാദം:—പദ്ധതി മൂലം കാലാവസ്ഥയിൽ മാററം സംഭവിക്കും മഴ കുറയുവാൻ കാരണമാകും.

യാഥാർത്ഥ്യം:—മഴയുണ്ടാകണമെങ്കിൽ വനം ആവശ്യമാണെന്ന വാദം ശാസ്ത്രീയമായി ഇതുവരെ തെളിയിക്കപ്പെട്ടിട്ടില്ലാത്ത ഒരു കാര്യമാണ്. ശാസ്ത്രീയ പഠനത്തിൻെറ ഇതുവരെയുള്ള അംഗീകൃത നിഗമനം നീരാവി നിറഞ്ഞ മേഘങ്ങളെമലകരം, മുകളിലത്തെ സമ്മർദ്ദം കുറഞ്ഞതും തണുപ്പുള്ളതുമായ അന്തരീക്ഷത്തിലേക്ക് തിരിച്ചു വിടുന്നതിനാൽ, മേഘങ്ങളിലെ നീരാവി ഘനീഭവിച്ച് മഴയായി തീരുന്നു എന്നാണ്. മഴകൊണ്ട് മഴക്കാടു് ഉണ്ടാകുന്നു എന്നതാണ് ശാസ്ത്രസത്യം. നേരെ തിരിച്ചല്ല വിസ്തൃതമായ വനപ്രദേശത്തിൻെറ ഒരു ചെറിയ ഭാഗം നശിക്കുകയോ, നശിപ്പിക്കപ്പെടുകയോ ചെയ്താൽ ആ പ്രദേശത്തെ കാലാവസ്ഥ മാറിപ്പോകുമെന്നു് പറയു

ന്നതു് ബാലിശമാണു്. അനുഭവത്തിന്റെ വെളിച്ചത്തിൽ നിലനിൽക്കാത്ത വാദമാണിതു്.

5) വാദം:—മഴയില്ലാതാകുന്നതു മൂലം പാലക്കാട്, മലപ്പുറം ജില്ല കൾ മരുഭൂമികളായി മാറാൻ സാദ്ധ്യതയുണ്ട്.

യാഥാർത്ഥ്യം:—മരുഭൂമിയുണ്ടാവുന്നതു ഭൂമദ്ധ്യ രേഖക്കു രണ്ടു വശവും അക്ഷാംശം 25-നും 30-നും ഇടയ്ക്കാണെന്നാണു് ശാസ്ത്രീയമായ പഠനവും ഭൂമിശാസ്ത്രവും തെളിയിക്കുന്നതു്. പാലക്കാടും മല പ്പുറവും മരുഭൂമിയാവുമെന്നു് പറയുന്നതു് ശുദ്ധ അസംബന്ധ മാണു്.

6) വാദം:—ജല സംഭരണി ഭൂമി കുലുക്കത്തിനും തൻമൂലം വമ്പിച്ച നാശനഷ്ടങ്ങൾക്കും കാരണമാകും.

യാഥാർത്ഥ്യം:—ഭൂമി കുലുക്കം അപകടകരമാംവിധം ഉണ്ടാവുന്ന പ്രദേ ശമല്ല നമ്മുടേതു്. സൈലൻറ്വാലിക്കു അക്കാര്യത്തിൽ മററു പദ്ധതി പ്രദേശങ്ങളുമായി ഒരു വ്യത്യാസവുമില്ല എന്നാണു് ആധികാരികമായ അഭിപ്രായം

7) വാദം:—പദ്ധതി നടപ്പായാൽ മണ്ണൊലിപ്പുണ്ടാകും വനങ്ങൾ നശിക്കും അങ്ങനെ വെള്ളപ്പൊക്കമുണ്ടാകും.

യാഥാർത്ഥ്യം:—അണക്കെട്ടു് നിർമ്മിച്ചു ജലം തടഞ്ഞു നിർത്തുന്നതു കൊണ്ടു് വെള്ളപ്പൊക്കം തടയപ്പെടുകയും വറൾച്ച സമയത്തു് വെള്ളം ലഭ്യമാകുകയും ചെയ്യുന്നു. മണ്ണൊലിപ്പു് തടയുന്നതി നു് വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണു്.

8) വാദം:—വനങ്ങളും സസ്യങ്ങളും കുറയുക മൂലം പ്രാണവായു അന്തരീക്ഷത്തിൽ കുറയും.

യാഥാർത്ഥ്യം:—ആകെ അന്തരീക്ഷത്തിൽ ഉണ്ടാവുന്ന പ്രാണവായുവി ന്റെ 75% സമുദ്രത്തിലുള്ള സൂക്ഷ്മസസ്യങ്ങളാണു് ഉല്പാദിപ്പിക്കു ന്നതു്. 15% ആമസോൺ വനങ്ങളും ബാക്കി ഭൂമുഖത്തുള്ള എല്ലാ സസ്യങ്ങളും കൂടി ഉദ്പാദിപ്പിക്കുന്നു. സൈലൻറ്വാ ലിയിലെ830 ഹെക്ടർ വനം അതിൽ എത്രയോ ചെറിയ ഒരു ഭാഗമാണെന്നു് പറയേണ്ട ആവശ്യമില്ല. അല്ലെങ്കിൽത്തന്നെ 830 ഹെക്ടർ സ്ഥലത്തെ വനത്തിൽ നിന്നുണ്ടാവുന്നതിൽ കൂടു തൽ പ്രാണവായു അതുകൊണ്ടുദ്ദേശിച്ചിട്ടുള്ള ജലസേചനം കൊ ണ്ടുണ്ടാകുന്ന 10,000 ഹെക്ടർ സ്ഥലത്തെ സസ്യജാലങ്ങളിൽ നിന്നും ലഭിക്കുന്നതാണു്.

9) വാദം:–സൈലൻറ്‌വാലിയിൽ ലോകത്താകെയുള്ള സിംഹ വാലൻ കുരങ്ങുകളുടെ പകുതിയിലധികം കാണപ്പെടുന്നു. പദ്ധതിയുണ്ടായാൽ അവയ്ക്ക് വംശനാശം സംഭവിക്കാം. അങ്ങിനെ മനുഷ്യൻെറ പരിണാമപ്രക്രിയയിലെ ഒരു പ്രധാന കണ്ണി ഇല്ലാതാവും.

യാഥാത്ഥ്യം:–സിംഹവാലൻ കുരങ്ങുകളെപ്പററിയും അവയുടെ ജീവിതരീതിയെപ്പററിയും പഠിച്ച് രേഖപ്പെടുത്തിയിട്ടുള്ള ആധികാരികമായ റിപ്പോർട്ടിൽ പറയുന്നത് – സൈലൻറ്‌വാലി, ഭവാനി പ്രദേശങ്ങളിൽ 60 എണ്ണവും പശ്ചിമഘട്ടത്തിൻെറ തെക്കേ അററത്തുള്ള അഷാംബൂ മലകളിൽ 195–ഉം ബാക്കിയുള്ള വനങ്ങളിൽ 150–ഉം ഉണ്ടെന്നാണ്. പ്രത്യേക സംരക്ഷണം കൊടുത്താൽ അവ നശിക്കാതിരുന്നേക്കാവുന്ന ഒരേ ഒരു സ്ഥലം അഷാംമ്പൂ മലകളാണ്. യാഥാർത്ഥ്യം ഇങ്ങനെയിരിക്കെ ഇതു ഒരു മനപ്പൂർവ വ്യാജപ്രചരണം മാത്രമാണ്. മാത്രമല്ല മാക്രോ എവലൂഷൻെറ പരമകോടിയിലെത്തിയിരിക്കുന്ന സിംഹവാലൻ കുരങ്ങ് ഇതു പോലെയുള്ള ഏതൊരു സ്പീഷീസിനെപോലെയും അനിവാര്യമായ വംശനാശത്തിന് സ്വാഭാവികമായും വിധിക്കപ്പെട്ടിരിക്കുന്നവയാണ്, പരിണാമപരമായ ഒരു പ്രകൃതി നിയമമാണ് ഇതു്. അതുകൊണ്ടു അവയുടെ വംശനാശം നമുക്ക് പ്രകൃതി നിയമമനുസരിച്ച് പൂർണ്ണമായും എന്നെന്നേക്കും തടയാൻ സാധ്യമല്ല. എന്നാൽ വംശനാശം താമസിപ്പിക്കാൻ ശാസ്ത്രീയമായ സംരക്ഷണ നടപടികൾ എടുക്കാവുന്നതാണ്.

10) വാദം:–സൈലൻറ്‌വാലിയിൽ മറെറാരു വനപ്രദേശത്തും കാണാത്ത തരത്തിലുള്ള ജന്തുസസ്യ സമ്പത്തുകൾ ഉണ്ടു്. പദ്ധതിമൂലം അവ നമുക്ക നഷ്ടമാകും.

യാഥാർത്ഥ്യം:–സൈലൻറുവാലിയിൽ മാത്രമായി കാണപ്പെടുന്ന ഒരു ജന്തുവിൻെറയോ സസ്യത്തിൻെറയോ പേര് ഒരു ശാസ്ത്രജ്ഞനും ഇതുവരെ രേഖപ്പെടുത്തിയിട്ടില്ല. സൈലൻറ് വാലി വനങ്ങൾക്ക് മാത്രമായി അങ്ങിനെയൊന്നവകാശപ്പെടാൻ സാദ്ധ്യമല്ല.

11) വാദം:–സൈലൻറ്‌വാലി വനങ്ങൾ 5 മുതൽ 15 കോടി വരെ വർഷങ്ങൾ പഴക്കമുള്ളവയാണ്. അതുകൊണ്ടു് അവ സംരക്ഷിക്കണം.

യാഥാർത്ഥ്യം:—പശ്ചിമഘട്ടത്തിലെ എല്ലാ വനങ്ങളും സൈലൻറ് വാലി വനങ്ങളോളം തന്നെ പഴക്കമുള്ളവയാണ്. സൈലൻറ് വാലിയിൽത്തന്നെ 39000 ഹെക്ടർ വനങ്ങളിൽ 830 ഹെക്ടർ മാത്രമേ പ്രോജക്റ്റ് മൂലം ഇല്ലാതാവുന്നുള്ളു. ബാക്കിയുള്ളവ പ്രത്യേക നിയമം മൂലം സംരക്ഷിക്കാവുന്നതാണ്.

12) **വാദം:**—പദ്ധതിയുടെ പ്രവർത്തനകാലത്തുണ്ടാകുന്ന മനുഷ്യരുടെ ക്രമാതീതമായ കയ്യേററം മൂലം വനം നശീകരണവും, മണ്ണൊലിപ്പും തത്ഫലമായി നാശനഷ്ടങ്ങളും ഉണ്ടാകും.

യാഥാർത്ഥ്യം:—മനുഷ്യരുടെ പ്രവർത്തനങ്ങൾ എല്ലാവരുടേയും സഹകരണങ്ങളോടും, പരിതസ്ഥിതി സംരക്ഷണ നിയമത്തിൻെറ സഹായത്തോടെയും നിയന്ത്രിക്കാവുന്നതാണ്. നിയമത്തെ പുച്ഛിച്ചു തള്ളുന്നതിൽ കാര്യമില്ല. യഥാർത്ഥത്തിൽ പരിതസ്ഥിതി സംരക്ഷണ നിയമം വന്നതിനു ശേഷമാണ് അവിടെ വനം കയ്യേററം നിന്നിട്ടുള്ളതു തന്നെ. അതിൻെറ കാര്യക്ഷമമായ നടത്തിപ്പുണ്ടെങ്കിൽ പദ്ധതി മൂലം വനം നശിപ്പിക്കപ്പെടുകയില്ല. പ്രത്യുത വനസമ്പത്ത് കൂടുതൽ നഷ്ടപ്പെടുത്താതെ പുഷ്ടിപ്പെടുത്താവുന്നതാണ് (ഉദാ:—തേക്കടി)

4. പദ്ധതി കൊണ്ടുള്ള പ്രയോജനങ്ങൾ ചുരുക്കത്തിൽ

കേരളത്തിൽ ഏററവും പ്രധാനപ്പെട്ട പ്രകൃതിസമ്പത്തു ഏതെന്നു ചോദിച്ചാൽ അതിൻെറ ഉത്തരം ജലസമ്പത്തു് എന്നാണ്. ഈ ജലസമ്പത്ത് കേരളത്തിലെ ജനങ്ങൾക്കു വേണ്ടി പ്രയോജനപ്പെടുത്തുന്നതിൻെറ ഭാഗമായും സൈലൻറുവാലി ജല വൈദ്യുത പദ്ധതി ഉപകരിക്കുന്നു. ഈ ജലസമ്പത്ത് ഇപ്പോൾ കേരളം കേരളീയർക്കു വേണ്ടി ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ ഇനിയും എപ്പോഴെങ്കിലും ഉപയോഗപ്പെടുത്തുവാൻ സാധിക്കുമോ എന്ന കാര്യം നദീജല വിനിയോഗത്തെ സംബന്ധിച്ച് അതിവിദൂര ഭാവിയിൽ വന്നേക്കാവുന്ന സംഭവ വികാസങ്ങളുടെ വെളിച്ചത്തിൽ ശ്രദ്ധാപൂർവ്വം പരിഗണിക്കപ്പെടേണ്ടതാണ്.

1) ഈ പദ്ധതിയാൽ നിന്നും ആണ്ടുതോറും 52½ കോടി യൂണിററു വിദ്യുച്ഛക്തി കേരളത്തിനു ലഭിക്കും. ആണ്ടുതോറും 10 കോടി രൂപയുടെ വരുമാനം.

2) പാലക്കാട്ട് മലപ്പുറം ജില്ലകളിൽ 10,000 ഹെക്ടർ സ്ഥലത്തു് ജലസേചനം നടത്തി 30,000 ടൺ ഭക്ഷ്യ കാർഷിക വിഭവങ്ങാം വർധിപ്പിക്കാം.

3) കേരളത്തിലെ വിശേഷിച്ച് മലബാർ ഭാഗത്തെ വ്യാവസായിക, സാമ്പത്തിക—സാംസ്ക്കിരിക മണ്ഡലങ്ങളിൽ ഉണ്ടാവുന്ന ബഹുമുഖമായ വളർച്ച.

മേൽപ്പറഞ്ഞ പ്രയോജനങ്ങാം തീർച്ചയായും കേരളത്തിനു് ലഭിക്കുന്നവയാണു്. സൈലൻറുവാലി പദ്ധതി നടപ്പിലാക്കാതിരുന്നാൽ മററു തരത്തിൽ ഉണ്ടാകുമെന്നു് പറയപ്പെടുന്ന ലാഭത്തെക്കാാം എത്രയോ വലുതും പ്രധാനപ്പെട്ടതും ആണിവ. അതേ സമയത്തു് പദ്ധതി നടപ്പിലാക്കിയാൽ ഉണ്ടായേക്കുമെന്നു്സംശയിക്കപ്പെടുന്ന നാശനഷ്ടങ്ങാംഎത്രയോ ചെറുതും.

5. സൈലൻറ്വാലിക്കു പകരമായി വിദ്യുച്ഛക്തി ഉത്പാദനത്തിനും ജലസേചനത്തിനും ഉള്ള പകരം നിർദേശങ്ങളും അവയുടെ അപ്രായോഗികതയും

1) തെർമൽ സ്റ്റേഷൻ അല്ലെങ്കിൽ അണുശക്തി നിലയം സ്ഥാപിക്കുക.

തെർമൽ സ്റ്റേഷനു് കൽക്കരി, എണ്ണ തുടങ്ങിയ ഇന്ധനങ്ങാംവളരെയധികം ആവശ്യമാണു്. അകലെയുള്ള സ്ഥലങ്ങളിൽ നിന്നും ഇവകൊണ്ടു വരണം. അതു് പ്രായോഗികമായി നടപ്പില്ലാത്ത കാര്യമാണു്. കൂടാതെ ഇവകാം കത്തുമ്പോാം പരിസര മലിനീകരണം വൻതോതിൽ സംഭവിക്കുന്നു.

അണുശക്തി കൂടുതൽ അപകടകരമാണു്. ഇന്ധനത്തിനു് വിദേശ രാജ്യങ്ങളെ ആശ്രയിക്കേണ്ടി വരും. മാത്രമല്ല കേരളത്തെപ്പോലെ ജനസാന്ദ്രതയുള്ള സ്ഥലങ്ങളിൽ അണുശക്തി നിലയങ്ങാം സ്ഥാപിക്കുന്നതു് ബുദ്ധിശൂന്യമായിരിക്കും. കൂടാതെ വളരെയധികം ചിലവു വരുന്നവയാണു് മേൽപ്പറഞ്ഞ രണ്ടു രീതികളും. നമ്മുടെ എല്ലാ ജലവൈദ്യുത പദ്ധതികളും തീർന്നതിനു ശേഷം മാത്രം ആലോചിക്കേണ്ടുന്ന ഒരു വിഷയമാണിതു്. ചുരുക്കത്തിൽ പറഞ്ഞാൽ കൈയ്യിലിരിക്കുന്ന പക്ഷിയെ വിട്ടു്, കാട്ടിലെ പക്ഷിയുടെ പുറകെ പോകുന്നതു പോലെയുള്ള അനുഭവമായിരിക്കും, തെർമൽ സ്റ്റേഷനുകളുടെയും അണുശക്തി നിലയങ്ങളുടെയും പുറകെയുള്ള ഇപ്പോഴത്തെ പോക്കു്.

2) സംസ്ഥാനത്തെ മറേറതെങ്കിലും ജലവൈദ്യുത പദ്ധതി ഉട നടി നടപ്പാക്കുക.

സൈലൻറുവാലിയ്ക്ക് പകരം വേറൊരു വൈദ്യുത പദ്ധ തി നടപ്പിലാക്കിക്കൂടെ എന്ന ചോദ്യം യുക്തിക്കു ചേർന്നതല്ല. സൈലൻറ്വാലി പദ്ധതി ഉപേക്ഷിക്കുക എന്നു് പറ ഞ്ഞാൽ അത്രയും ജലസമ്പത്ത് വിനിയോഗിക്കാതിരിക്കുക എന്നു് മാത്രമാണു് അതിൻെറ അർത്ഥം.

സൈലൻറുവാലി പദ്ധതിയെ സംബന്ധിച്ചുള്ള എല്ലാ പ്രാരംഭ പ്രവർത്തനങ്ങളും തീർന്നിട്ടുള്ളതാണു്. മറേറതെങ്കി ലും പദ്ധതി ആ നിലയിൽ എത്തുന്നതിനു ഇനിയും രണ്ടോ മൂന്നോ വർഷങ്ങൾ വേണ്ടി വരും. കൂടാതെ മലബാർ പ്രദേ ശത്തു് അതുപോലെ മററൊരു പദ്ധതി എടുക്കുന്നതിനു് ഇല്ല.

3) സൂര്യനിൽ നിന്നും തിരമാലകളിൽ നിന്നും വൈദ്യുതി ഉണ്ടാ ക്കുക.

ഈ രീതിയിലുള്ള വൈദ്യുതി നിർമ്മാണം പ്രായോഗിക മേഖലകളിൽ എത്തിയിട്ടില്ല.

4) പാലക്കാട്ട്, മലപ്പുറം ജില്ലകളിൽ കുഴൽക്കിണർ വഴി ഭൂഗർഭജലം ഉപയോഗിച്ച് ജലസേചനം നടത്തണം. യഥാ ൎത്ഥ അപകടത്തെ ക്ഷണിച്ചു വരുത്തുകയാവും ഫലം.

(i) കുഴൽ കിണറിൽ നിന്നും ജലം മുകളിലെത്തണമെങ്കിൽ വിദ്യുഛക്തി വേണം.

(ii) തുടർച്ചയായി ജലം പമ്പു ചെയ്തെടുക്കുന്നതു മൂലം ഭൂഗർഭ ജലവിതാനം താഴുന്നതാണു്. അതു മൂലം ഭൂമിയുടെ ഉപരിതലത്തിനും താഴ്ച സംഭവിക്കും. മെക്സിക്കോ സിററിയിൽ സംഭവിച്ചതുപോലെ.

(iii) വലിയ വൃക്ഷങ്ങൾ ഉണക്കു സമയത്തു് കരിഞ്ഞു പോ വാതെ നിൽക്കുന്നതു് അവയുടെ വേരുകൾ ഭൂഗർഭജല വിതാനത്തിലെത്തി ജലം വലിച്ചെടുക്കുന്നതു കൊണ്ടാ ണു്. ജലവിതാനം താഴ്ന്നാൽ ആ സൗകര്യം ഇല്ലാ താവും. വനങ്ങൾ ഉണങ്ങും. ഇക്കോളജിക്കൽ ബാലൻ സിനുള്ള യഥാൎത്ഥ അപകടം ഇങ്ങനെയാണു് ഉണ്ടാവുക.

(iv) ഭൂഗർഭ ജലത്തിൽ കൂടി അനാശാസ്യലവണങ്ങൾ ഭൂതല ത്തിൽ വരും. കൃഷിക്കും ദോഷം സംഭവിക്കും. പരി സര മലിനീകരണവും ഫലം.

Published by the Public Relation Department, K. S. E. Board Trivandrum and Printed at Progress Printers Trivandrum.